പലിശ തുകയും, ടി പലിശ തുകയുടെ 15%-ത്തിൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും മുതലിനോടൊപ്പം ഈടാക്കി, പിഴപ്പലിശയും മറ്റ് ചെലവുകളും ഒഴിവാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 10 ലക്ഷം രൂപയിൽ അധികരിച്ച എല്ലാ വായ്പകളും സഹകരണ വകുപ്പുമന്ത്രി ചെയർമാനും, സഹകരണ വകുപ്പ് സെക്രട്ടറി അംഗവും സഹകരണ സംഘം രജിസ്ട്രാർ അംഗം/കൺവീനർ ആയ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അനുമതിയോടെ തീർപ്പാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 63/10 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക വന്നവരുടെ വായ്പയിൻമേലുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും ജപ്തി നടപടികൾ കഴിവതും ഒഴിവാക്കുന്നതിനും വേണ്ടിയാണ് കുടിശ്ശിക നിവാരണം ശതശതമാനം പദ്ധതി പ്രകാരമുള്ള സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

വ്യക്തിഗത വായ്പകൾ എഴുതിത്തള്ളാൻ നടപടി

19 (982) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും പാവപ്പെട്ട വിധവകൾ എടുത്തിട്ടുള്ള വ്യക്തിഗത വായ്പകൾ എഴുതിത്തള്ളാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര രൂപയ്ക്കുള്ള വായ്പകളാണ് ഇപ്രകാരം എഴുതിത്തള്ളാൻ തീരുമാനിച്ചത് ;

(സി) സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ ഗുണം ലഭിക്കും ;

(ഡി) ഏത് കാലയളവിൽ എടുത്ത വായ്പകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക ;

(ഇ) ഇത് നടപ്പിലാക്കുക വഴി സഹകരണ വകുപ്പിന് എത്ര കോടി രൂപയുടെ നഷ്ടം വരുമെന്ന് പ്രതീക്ഷിക്കുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽനിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അത്തരക്കാരുടെ നിർദ്ധനരായ വിധവകൾക്ക് ബാദ്ധ്യത ആയിട്ടുള്ള വായ്പകളിൽ കഴിയുന്നത്ര ഇളവുകൾ നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി വായ്പാ കണക്കുകൾ സംബന്ധിച്ചുതടക്കമുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഇ) പ്രൊപ്പോസൽ ലഭിച്ചശേഷം പരിശോധന നടത്തി പദ്ധതി സംബന്ധിച്ച് തീരുമാനമെടുത്താൽ മാത്രമേ വായ്പാ പരിധി സംബന്ധിച്ചും ഗുണഭോക്താക്കളെ സംബന്ധിച്ചും സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ബാദ്ധ്യത സംബന്ധിച്ചും ഏത് കാലയളവിലെ വായ്പകൾക്കാണ് ആനുകൂല്യം ലഭിക്കുക എന്നത് സംബന്ധിച്ചും വിശദമാക്കാൻ കഴിയുകയുള്ളൂ.

കാസർഗോഡ് ജില്ലയിലെ കാർഷിക വായ്പ എഴുതിത്തള്ളുന്ന പദ്ധതി

20 (983) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ സഹകരണ ബാങ്കുകളിൽനിന്നും എത്ര കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്ര കാർഷിക കടം എഴുതി തള്ളൽ 2008 പദ്ധതിയിൻ കീഴിൽ കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 52928 അക്കൗണ്ടുകളിലായി 67,96,13,488 രൂപയുടെ (67.96 കോടി) കടം എഴുതി തള്ളിയ ആനുകൂല്യം കർഷകർക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കാർഷിക കടക്കെണിമൂലം 1-1-1999 മുതൽ 31-7-2006 വരെയുള്ള കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ പേരിൽ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ബാക്കി നിൽപ്പുണ്ടായിരുന്ന കാർഷിക കടങ്ങൾ എഴുതിത്തള്ളിയ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത വകയിൽ കാസർഗോഡ് ജില്ലയിലെ 65 വായ്പകളിലായി 21,48,767 (21.48 ലക്ഷം) രൂപയുടെ ആനുകൂല്യം സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട ബാധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ കാസർഗോഡ് ജില്ലയിലെ 759 അവാർഡുകളിലായി 1,03,26,290 (1.03 കോടി) രൂപയും സർക്കാർ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

വായ്പ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്ന് ലഭിക്കേണ്ട തുക

21 (984) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളുടെ വായ്പ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട് സംഘങ്ങൾക്ക് സർക്കാരിൽ നിന്ന് ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ;

(ബി) കുമ്പളങ്ങി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആർ 147-ലെ അംഗങ്ങളുടെ വായ്പ എഴുതിത്തള്ളിയതുമൂലം സംഘത്തിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly